പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 41

# 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 41

# 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

1085/2011.

# 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള ധനസംബന്ധമായ ഉത്തവാദിത്ത ആക്റ്റ് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള ധന സംബന്ധമായ ഉത്തവാദിത്ത (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2011 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—2003-ലെ കേരള ധനസംബന്ധമായ ഉത്തവാദിത്ത ആക്റ്റിലെ (2003-ലെ 29) 4-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും റവന്യൂ കമ്മി 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചുകൊണ്ടു വരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ സർക്കാർ റവന്യൂ കമ്മി ഇല്ലാതാക്കേണ്ടതും,—

(എ) റവന്യൂ മിച്ചം വർദ്ധിപ്പിക്കുകയും ആ തുക ആസ്തികളേക്കാൾ കൂടുതലായുള്ള ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗപ്പെടുത്തുകയും ;

(ബി) 2011-12, 2012-13 എന്നീ വർഷങ്ങളിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ നിലനിർത്തിക്കൊണ്ട് 2013-14-ൽ 3 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതി

ലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2014 മാർച്ച് 31-ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3 ശതമാനമായി കുറയ്ക്കുകയും ;

(സി) 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 32.3 ശതമാനം, 31.7 ശതമാനം, 30.7 ശതമാനം, 29.8 ശതമാനം എന്ന ക്രമത്തിലേക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 29.8 ശതമാനമായി കുറയ്ക്കുകയും ;

ചെയ്യേണ്ടതുമാണ്."

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ധനസംബന്ധമായ സുസ്ഥിരതയ്ക്ക് അനുയോജ്യമായ വിധത്തിൽ റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കുന്നതിലൂടെയും കടത്തിന്റെ സ്ഥായിയായ മാനേജ്മെന്റിലൂടെയും ധനസംബന്ധമായ മാനേജ്മെന്റിലും ധനസംബന്ധമായ സുസ്ഥിരതയിലും ജാഗ്രത ഉറപ്പാക്കുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്തത്തിനുവേണ്ടി കേരള നിയമസഭ പാസ്സാക്കിയ 2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് (2003-ലെ 29), പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരണമായി റവന്യൂ കമ്മി കുറയ്ക്കുന്നതിനും മതിയായ റവന്യൂ മിച്ചം ഉണ്ടാക്കുന്നതിനുംവേണ്ടി ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

കെ. എം. മാണി

## 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (2003-ലെ 29)

** ** ** **

4. ധനസംബന്ധമായ നിർവ്വഹണ തത്വങ്ങൾ.—(1) സർക്കാർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തത്വങ്ങൾ പിൻതുടർന്നുകൊണ്ട് റവന്യൂകമ്മി കുറയ്ക്കുന്നതിനും മതിയായ റവന്യൂ മിച്ചം ഉണ്ടാക്കിയെടുക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും 2003 ഏപ്രിൽ 1-ന് ആരംഭിച്ച് 2007 മാർച്ച് 31-ന് അവസാനിക്കുന്ന നാല് വർഷക്കാലയളവിനുള്ളിൽ സർക്കാർ റവന്യൂ കമ്മി ഇല്ലാതാക്കേണ്ടതും,—

(എ) റവന്യൂ മിച്ചം വർദ്ധിപ്പിക്കുകയും ആ തുക ആസ്തികളേക്കാൾ കൂടുതലായുള്ള ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗപ്പെടുത്തുകയും ;

(ബി) 2003 ഏപ്രിൽ 1-ന് ആരംഭിച്ച് 2007 മാർച്ച് 31-ന് അവസാനിക്കുന്ന നാല് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തരോല്പന്നത്തിന്റെ 2 ശതമാനമായി കുറയ്ക്കുകയും ;

ചെയ്യേണ്ടതുമാണ്.

5. ധനസംബന്ധമായ സുതാര്യതയ്ക്കുള്ള നടപടികൾ.—(1) സർക്കാർ ധനസംബന്ധമായ ഇടപാടുകളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് അനുയോജ്യമായ നടപടികൾ എടുക്കേണ്ടതും വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പൊതുതാല്പര്യാർത്ഥം ഔദ്യോഗിക രഹസ്യസ്വഭാവം കഴിയുന്നിടത്തോളം കുറയ്ക്കുകയും ചെയ്യേണ്ടതുമാണ്.

** ** ** **